പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2217 — 23.3.2012 ൽ മറുപടിയ്ക്ക്

ആശ്വാസകിരണം പദ്ധതി

ചോദ്യം — മറുപടി

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
" സി.പി. മുഹമ്മദ്
" എം.എ. വാഹിദ്
" പി.സി. വിഷ്ണുനാഥ്

ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ആശ്വാസകിരണം പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം ; | (എ) തീവ്രമായ ശാരീരിക മാനസിക വെല്ലുവിളികൾ നേരിട്ട് ശയ്യാവലംബരായി വീട്ടിനുള്ളിൽ തന്നെ കഴിയേണ്ടിവരുന്നവർ, ബുദ്ധിമാന്ദ്യം ഉള്ളവർ, സെറിബ്രൽ പാൾസി/ഓട്ടിസം മൂലം അവശതയുള്ളവർ തുടങ്ങിയവരെ മുഴുവൻസമയവും പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം. ഇപ്പോൾ ഒരു ഗുണഭോക്താവിന് പ്രതിമാസം 400/- രൂപ നിരക്കിൽ ധനസഹായം മണിയോർഡർ മുഖാന്തിരം നൽകി വരുന്നു. മേൽ വിവരിച്ച തരത്തിൽ രോഗിയെ പൂർണ്ണ സമയം പരിചരിക്കുന്ന വ്യക്തിക്ക് മറ്റു തൊഴിലിലേർപ്പെടാൻ സാധിക്കാത്തതിനാൽ പ്രതിമാസ ധനസഹായം നൽകി അവർക്ക് ആശ്വാസം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് സ്വയംതൊഴിൽ വായ്പ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ; | (ബി) ഇപ്പോൾ പരിഗണനയിലില്ല. |
| (സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ? | (സി)ബാധകമല്ല. |

R. Vijayan

സെക്ഷൻ ഓഫീസർ